"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി നിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

ഉദ്യോഗസ്ഥഭരണപരിഷ്കാര (ട്രെയിനിംഗ് ബി ) വകുപ്പ്

സ.ഉ.(കൈ) നം.6/2026/P&ARD  തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. 25.02.2017 തീയതിയിലെ സ.ഉ.(പി)3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 14.03.2022- തീയതിയിലെ എ.ആർ.14(1)/6/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ.
3. സർവ്വീസ് സംഘടനകളുമായി ചീഫ് സെക്രട്ടറി 9.05.2024 ന് നടത്തിയ യോഗം.

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനായുമുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവിലെ പൊതുമാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പൂർണമായും പാലിച്ചുകൊണ്ട് ഓൺലൈനായി തന്നെ പൊതു സ്ഥലംമാറ്റം നടത്തുന്നുവെന്ന ഉറപ്പ് വരുത്തേണ്ടതാണ്.

2. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കാസർകോഡ്, ഇടുക്കി, വയനാട് പാക്കേജുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാരും വകുപ്പമേധാവികളുമായി 22.11.2021-ൽ ചേർന്ന യോഗ തീരുമാനത്തിലെ നിർദേശം പാലിച്ച് കൊണ്ട് പദ്ധതി നിർവഹണത്തിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഓരോ പ്രോജക്ടിന്റെയും ആവശ്യകതയെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന നിശ്ചിത കാലാവധിയിലേക്കു കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ജോലിയിൽ തുടരണം എന്ന നിർദേശം അടങ്ങിയ നിയമന ഉത്തരവ് പുറപ്പെടുവിക്കാൻ ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകി കൊണ്ട് പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

3. കാസർഗോഡ് ജില്ലയിലെ വിവിധ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനാൽ ജില്ലയിലെ പല വികസന പ്രവർത്തനങ്ങൾക്കും തടസ്സം നേരിടുന്നതായി ചീഫ് സെക്രട്ടറിയും, കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കാസർഗോഡ് വികസന പാക്കേജ് സംബന്ധിച്ച് നടന്ന യോഗത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും തുടർന്ന് ടി സാഹചര്യങ്ങൾ ഒഴിവാക്കാനുള്ള നിർദേശങ്ങൾ ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയുമുണ്ടായി. ചർച്ചയിൽ

ഉരുത്തിരിഞ്ഞ നിർദേശങ്ങളും വിശധാംശങ്ങളും വിവധ തലങ്ങളിൽ വിശദമായി പരിശോധിക്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

I. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനായുമുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് കൊണ്ട് 25.02.2017 ൽ സ.ഉ(പി) നമ്പർ 3/2017/ഉഭപവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവിലെ പൊതുമാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പൂർണമായും പാലിച്ചുകൊണ്ട് ഓൺലൈനായി തന്നെ പൊതു സ്ഥലംമാറ്റം നടത്തുന്നുവെന്നു ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരത്തിൽ ഓൺലൈനായി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലേക്കുള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ സേവനം സ്ഥലം മാറ്റത്തിനു പരിഗണിക്കുമ്പോൾ ടി ജില്ലകളിലെ ഒരു വർഷത്തെ സർവീസ് മറ്റു ജില്ലകളിലെ രണ്ടു വർഷത്തെ സർവീസിന് തുല്യമായി കണക്കാക്കാവുന്നതാണ്.

a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായി തുടരണം.

b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്.

II. നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേത്തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

III. ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത ജില്ലാതല നിയമനത്തിനായി പി.എസ്.സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് പത്ത് വർഷത്തേക്ക് വർക്കിംഗ്അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, ട്രാൻസ്ഫർ, മ്യൂച്ചൽ ട്രാൻസ്ഫർ എന്നിവ അനുവദിക്കേണ്ടതില്ല. പി.എസ്.സി വിജ്ഞാപനത്തിൽ തന്നെ ഇത് ഉൾപ്പെടുത്താവുന്നതും ജോയിനിംഗ് ടൈമിൽ സമ്മതപത്രം എഴുതി വാങ്ങാവുന്നതുമാണ്. (അപ്രകാരം ചെയ്താൽ ഈ ജില്ലകളിലെ തദ്ദേശവാസികളായ ഉദ്യോഗാർത്ഥികൾക്ക് കൂടുതലായി ജോലിക്ക് അവസരം ലഭിക്കുന്നതാണ്).

IV. ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത ജില്ലാതല നിയമനത്തിനായി പി.എസ്.സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളുടെ പ്രമോഷനും ഈ ജില്ലകളിൽ തന്നെ പരിമിതപ്പെടുത്താവുന്നതാണ്. (സമ്മതപത്രത്തോടൊപ്പം ജില്ലയിൽ തസ്തിക/ഒഴിവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ യോടെ )

V. ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത തദ്ദേശവാസികളായ ഉദ്യോഗാർത്ഥികളിൽ ഹെഡ് ക്വോർട്ടേഴ്സ് വേക്കൻസിയിലെ നിയമനം, താല്പര്യമുള്ളവർക്കു മാത്രം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുക.

VI. പ്രമോഷൻ അല്ലെങ്കിൽ ട്രാൻസ്ഫർ വഴി ഈ ജില്ലകളിൽ നിയമനം ലഭിക്കുന്നവർ അവധിയെടുത്ത് പോകുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി ഒഴിവാക്കാൻ കഴിയാത്ത

മെഡിക്കൽ സാഹചര്യങ്ങളിൽ ഒഴികെ അവധി അനുവദിക്കാതിരിക്കുക.

VII. പ്രസ്തുത ജില്ലകളിൽ ജോലിചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നു സമ്മതപത്രം വാങ്ങി ആ ജില്ലയിൽതന്നെ തുടരാൻ അനുവദിക്കാവുന്നതും 3 വർഷം കഴിയുമ്പോൾ ഈ ജില്ലയിലെ തൊട്ടടുത്ത സ്റ്റേഷനിൽ നിയമിക്കാവുന്നതും ജില്ലാഓഫീസർ പോസ്റ്റുകളിൽ 3 വർഷത്തിനു ശേഷം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യമുള്ളവരെ ഈ ജില്ലകളിലേക്ക് തിരികെ കൊണ്ടുവരാവുന്നതുമാണ്. (ജില്ലയിൽ തസ്തിക/ഒഴിവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയോടെ)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക് / പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക് / സെക്രട്ടറിമാർക്ക് / സ്പെഷ്യൽ സെക്രട്ടറിമാർക്ക് / സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ ഓഫീസർമാർക്കും, എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/
ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
സെക്രട്ടറി കേരളം പബ്ലിക് സർവീസ് കമ്മീഷൻ,തിരുവനന്തപുരം
സെക്രട്ടറി കേരള നിയമസഭ, തിരുവനന്തപുരം
രജിസ്ട്രാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,മണ്ണുത്തി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
പൊതുഭരണ (എസ്. സി) വകുപ്പിന് ([illegible]
ധനകാര്യ വകുപ്പ് (2916679 EXP-B3/319/2024-FIN പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Aravind .c.m
Date: 23-01-2026 12:34:04
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ
## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 21-01-2026**

ഫയൽ നം. എ.ആർ.14-1/6/2022/ഉഭപവ.

ഇനം നം: 3558

വിഷയം : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിന്മേൽ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

P 10439766
22 JAN 2026

3558

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ.ആർ.14-1/6/2022-ഉഭപവ |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥഭരണപരിഷ്കാര (എ.ആർ 14) വകുപ്പ് |
| 3 | വിഷയം | : | കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിന്മേൽ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിനു സമർപ്പിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ തീയതി | : | 18.12.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ<br>(ii) എങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. രാജേന്ദ്രൻ ചെട്ടിയാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.12.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.01.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.01.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.01.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച കത്തിന്റെ/ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിൽ പ്രസ്തുത ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിന്മേൽ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനാണ് ഈ കുറിപ്പ്.

2. ആസൂത്രണ സാമ്പത്തിക കാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കാസർകോഡ്, ഇടുക്കി, വയനാട് പാക്കേജുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാരും വകുപ്പുമേധാവികളുമായി 22.11.2021 ൽ ചേർന്ന യോഗ തീരുമാനത്തിലെ നിർദേശം പാലിച്ചു കൊണ്ട് പദ്ധതി നിർവഹണത്തിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഓരോ പ്രോജെക്റ്റിന്റെയും ആവശ്യകതയെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന നിശ്ചിത കാലാവധിയിലേക്കു കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ജോലിയിൽ തുടരണം എന്ന നിർദേശം അടങ്ങിയ നിയമന ഉത്തരവ് പുറപ്പെടുവിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകി കൊണ്ട് 14.03.2022-ൽ എ.ആർ.14(1)/6/2022/ഉ.ഭ.പ.വ നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

3. 08.03.2022 ൽ കാസർഗോഡ് വികസന പാക്കേജ് സംബന്ധിച്ച് നടന്ന യോഗത്തിൽ വിവിധ തസ്തികകൾ കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞ് കിടക്കുന്നത് ചീഫ് സെക്രട്ടറിയും, കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയുണ്ടായി. പ്രസ്തുത ജില്ലകളിലെ ഉദ്യോഗാർത്ഥികളെ ഈ ജില്ലകളിലേക്ക് പ്രത്യേകം റിക്രൂട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതും, കുറഞ്ഞത് 50% തസ്തികകളിൽ അതത് ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ നിയമിക്കാനുള്ള പ്രത്യേക നിയമ സംവിധാനം ഉണ്ടാകേണ്ടതുണ്ടെന്നും കേരള സംസ്ഥാന പട്ടികജാതി

പട്ടികഗോത്രവർഗ്ഗ കമ്മീഷനും ശുപാർശ ചെയ്യുകയുണ്ടായി. ടി വിഷയം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചുവടെ പറയുന്ന നിർദ്ദേശങ്ങളിൻമേൽ ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായങ്ങൾ അറിയിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി.

(i.)ഡെപ്യൂട്ടേഷൻ മുഖേന അല്ലാതെ സംസ്ഥാന തലത്തിൽ സ്ഥലം മാറ്റപ്പെടാവുന്ന ഫീൽഡ് വകുപ്പുകൾക്കും ജീവനക്കാർക്കും മാത്രം ഈ നിബന്ധനകൾ ബാധകമാക്കിയാൽ മതിയാകും. IAS, KAS, സെക്രട്ടേറിയറ്റ് സർവ്വീസ് എന്നിവയെ ഒഴിവാക്കാവുന്നതാണ്.

(ii)മേൽപ്പറഞ്ഞ ജില്ലകളിലേക്ക് ഉള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിർബന്ധിതസേവന കാലയളവിൽ ആർജ്ജിക്കാവുന്ന ആർജ്ജിത അവധികളുടെ എണ്ണം 1/11 എന്നതിന് പകരം 1/8 എന്നാക്കി മാറ്റാവുന്നതാണ്.

a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായി തുടരണം.

b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്.

iii). നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേ തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

4. ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ടി വിഷയം ചർച്ച ചെയ്യുകയും

അതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ മന്ത്രി സഭ യോഗത്തിൽ സമർപ്പിക്കയുമുണ്ടായി

(I) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനായുമുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് 25.02.2017 ൽ സ.ഉ(പി) നമ്പർ 3/2017/ഉഭപവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവിലെ പൊതുമാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പൂർണമായും പാലിച്ചുകൊണ്ട് ഓൺലൈനായി തന്നെ പൊതു സ്ഥലംമാറ്റം നടത്തുന്നുവെന്ന ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരത്തിൽ ഓൺലൈനായി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലേക്കുള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി അവിടെ സേവനം അനുഷ്ഠിക്കുന്ന നിർബന്ധിതസേവന കാലയളവിൽ ആർജ്ജിക്കാവുന്ന ആർജ്ജിത അവധികളുടെ എണ്ണം 1/11 എന്നതിന് പകരം 1/8 എന്നാക്കി മാറ്റാവുന്നതാണ്. ഇതിനനുസൃതമായ ഭേദഗതി കേരള സർവ്വീസ് ചട്ടങ്ങളിൽ വരുത്താവുന്നതാണ്.

a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായിതുടരണം.

b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്.

(II) നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേത്തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

(III) ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത ജില്ലാതല നിയമനത്തിനായി പി.എസ്.സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് പത്ത് വർഷത്തേക്ക് വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, ട്രാൻസ്ഫർ, മ്യൂച്ചൽ ട്രാൻസ്ഫർ എന്നിവ അനുവദിക്കേണ്ടതില്ല. പി.എസ്.സി വിജ്ഞാപനത്തിൽ തന്നെ ഇത് ഉൾപ്പെടുത്താവുന്നതും ജോയിനിംഗ് ടൈമിൽ സമ്മതപത്രം എഴുതി വാങ്ങാവുന്നതുമാണ്. (അപ്രകാരം ചെയ്താൽ ഈ ജില്ലകളിലെ തദ്ദേശവാസികളായ ഉദ്യോഗാർത്ഥികൾക്ക് കൂടുതലായി ജോലിക്ക് അവസരം ലഭിക്കുന്നതാണ്).

(IV) ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത ജില്ലാതല നിയമനത്തിനായി പി.എസ്.സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളുടെ പ്രമോഷനും ഈ ജില്ലകളിൽ തന്നെ പരിമിതപ്പെടുത്താവുന്നതാണ്. (സമ്മതപത്രത്തോടൊപ്പം ജില്ലയിൽ തസ്തിക/ഒഴിവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയോടെ )

(V) ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത തദ്ദേശവാസികളായ ഉദ്യോഗാർത്ഥികളിൽ ഹെഡ് ക്വോർട്ടേഴ്സ് വേക്കൻസിയിലെ നിയമനം, താല്പര്യമുള്ളവർക്കു മാത്രം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുക.

(VI) പ്രമോഷൻ അല്ലെങ്കിൽ ട്രാൻസ്ഫർ വഴി ഈ ജില്ലകളിൽ നിയമനം ലഭിക്കുന്നവർ അവധിയെടുത്ത് പോകുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി, ഒഴിവാക്കാൻ കഴിയാത്ത മെഡിക്കൽ സാഹചര്യങ്ങളിൽ ഒഴികെ അവധി അനുവദിക്കാതിരിക്കുക.

(VII) പ്രസ്തുത ജില്ലകളിൽ ജോലിചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നു സമ്മതപത്രം വാങ്ങി ആ ജില്ലയിൽതന്നെ തുടരാൻ അനുവദിക്കാവുന്നതും 3 വർഷം കഴിയുമ്പോൾ ഈ ജില്ലയിലെ തൊട്ടടുത്ത സ്റ്റേഷനിൽ നിയമിക്കാവുന്നതും ജില്ലാഓഫീസർ പോസ്റ്റുകളിൽ 3 വർഷത്തിനു ശേഷം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യമുള്ളവരെ ഈ ജില്ലകളിലേക്ക് തിരികെ കൊണ്ടുവരാവുന്നതാണ്. (ജില്ലയിൽ തസ്തിക/ഒഴിവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയോടെ )

5. വിഷയം 04.09.2024 ൽ (ഇനം 2374) പരിഗണിച്ച മന്ത്രിസഭായോഗം "ഇക്കാര്യം ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തത വരുത്തി പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണ്" എന്ന് നിർദ്ദേശം നൽകിയതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ജീവനക്കാരുടെ സേവനം തുടർച്ചയായി ലഭിക്കുന്നതിന് വേണ്ടി മറ്റു ജില്ലകളിൽ നിന്നും നിർബന്ധിതമായി ഈ ജില്ലകളിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് ടി ജില്ലകളിലെ സേവനം ആകർഷകമാക്കുന്നതിനുള്ള പ്രൊപ്പോസലിനോട് ധനകാര്യ വകുപ്പ് പൊതുവിൽ യോജിക്കുന്നുവെന്നും എന്നാൽ ആർജിതാവധി 1/11 എന്നതിൽ നിന്നും 1/8 ആക്കി മാറ്റണം. എന്ന നിർദേശം താഴെപറയുന്ന കാരണങ്ങളാൽ ധന വകുപ്പിന് അംഗീകരിക്കാൻ നിർവാഹമില്ല എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു .

i.ശരാശരി 30 വർഷം സർവീസുള്ള ജീവനക്കാരൻ ശരാശരി 990 (30 *33 ) ആർജിതാവധിയാണ് earn ചെയ്യുന്നത് . നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ടി ജീവനക്കാർക്ക് 1200 ആർജിതാവധി സറണ്ടർ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. അതായത് പരമാവധി സറണ്ടർ ചെയ്യാൻ കഴിയുന്ന അവധികൾ നിലവിലെ ചട്ടങ്ങൾ പ്രകാരം ഒരു ജീവനക്കാരൻ ആർജിക്കുന്നില്ല. എന്നാൽ ആർജിതാവധി ആർജിക്കുന്നതിനുള്ള കാലയളവ് 11 ൽ നിന്നും 8 ആയി കുറയ്ക്കുന്ന പക്ഷം ഓരോ ജീവനക്കാരനും ആർജിക്കാൻ കഴിയുന്ന അവധിയുടെ എണ്ണം വളരെയധികം വർധിക്കുകയും ടി അവധികൾ സറണ്ടർ ചെയ്യപ്പെടുമ്പോൾ സർക്കാരിന് മുൻകൂട്ടി കണക്കാൻ കഴിയാത്ത വിധം വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകും.

ii.നിലവിലുള്ള സർവീസ് ചട്ടങ്ങൾ പ്രദേശങ്ങളുടെയോ വിഭാഗങ്ങളുടെയോ പ്രത്യേകതകൾക്കനുസരിച്ച വിഭിന്ന സ്വഭാവത്തിലുള്ളതല്ല . നിലവിലുള്ള സർവീസ് ചട്ടങ്ങൾ എല്ലാ പ്രദേശത്തെ ജീവനക്കാർക്കും ഒരു പോലെ ബാധകമാണ് .

ആർജിത അവധി ആർജിക്കുന്നതിനുള്ള കാലയളവ് പ്രദേശ അടിസ്ഥാനത്തിൽ വ്യത്യസ്തപെടുത്തുന്നത് സർവീസ് റൂളുകളുടെ നിലവിലുള്ള ഐക്യരൂപം ഇല്ലാതാകും

iii ആർജിത അവധി കണക്കാക്കുന്നതിനു 1/11, 1/8 എന്നീ രണ്ടു മാനദണ്ഡങ്ങൾ കൊണ്ട് വരുന്നത് ആർജിത അവധിയുടെ എണ്ണം കണക്കാക്കുന്ന പ്രക്രിയ സങ്കീർണ്ണമാക്കും. നിലവിൽ ഒരു ജീവനക്കാരന്റെ സർവീസ് ദൈർഘ്യത്തിൽ നിന്നും ആർജിത അവധിക്കു കണക്കാക്കാത്ത അവധി കാലയളവ് കിഴിച്ചതിനു ശേഷം ബാക്കി സർവീസ് കാലയളവിനെ 11 കൊണ്ട് ഹരിച്ചാൽ ആർജിത അവധി കണക്കാൻ സാധിക്കും . എന്നാൽ നിയമിക്കപ്പെടുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ആർജിത അവധി കണക്കാക്കേണ്ടി വരുന്ന പക്ഷം ആർജിത അവധി കണക്കാക്കുന്നതിനു ഓരോ ട്രാൻസ്ഫർ ഓർഡറും പരിശോധിക്കേണ്ടി വരും . ആയതു അവധി കണക്കാക്കുന്നതിൽ സങ്കീർണ്ണത സൃഷ്ടിക്കും

iv കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ സർവീസിന് കൂടുതൽ പരിഗണന നൽകുന്നതിന് ഭരണ വകുപ്പ് ഉദ്ദേശിക്കുന്ന പക്ഷം ആയതു സാമ്പത്തിക ബാധ്യത ഇല്ലാതെ ചെയ്യുന്നതിന് വേണ്ടി മേൽ ജില്ലകളിലെ സേവനം സ്ഥലം മാറ്റത്തിനു പരിഗണിക്കപ്പെടുമ്പോൾ ടി ജില്ലകളിലെ ഒരു വർഷത്തെ സർവീസ് മറ്റു ജില്ലകളിലെ രണ്ടു വർഷത്തെ സർവീസിന് തുല്യമായി കണക്കാക്കി ആകർഷണീയമാക്കുന്ന കാര്യം ഭരണ വകുപ്പിന് പരിഗണിക്കാവുന്നതാണ് എന്നും അറിയിക്കുന്നു

7. ധനകാര്യവകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (റൂൾസ്) വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

''സർക്കാർ ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കേരള സർവീസ് റൂൾസിന്റെ പരിധിയിൽ വരുന്നതിനാൽ ഫയൽ

വിഷയത്തിൽ ഈ വകുപ്പിൽ നിന്നും അഭിപ്രായങ്ങൾ ഒന്നും തന്നെ നൽകാനില്ല എന്ന വിവരം ഉ.ഭ.പ (എ.ആർ-14) വകുപ്പിനെ അറിയിക്കുന്നു.''

8. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതും, സംഘടനാ പ്രതിനിധികൾ എഴുതി സമർപ്പിച്ചതുമായ അഭിപ്രായങ്ങളുടെയും, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ താഴെപറയുന്ന നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, ഇക്കാര്യം മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

(I) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനായുമുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് 25.02.2017 ൽ സ.ഉ(പി) നമ്പർ 3/2017/ഉഭപവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവിലെ പൊതുമാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പൂർണമായും പാലിച്ചുകൊണ്ട് ഓൺലൈനായി തന്നെ പൊതു സ്ഥലംമാറ്റം നടത്തുന്നുവെന്നു ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരത്തിൽ ഓൺലൈനായി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലേക്കുള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ സേവനം സ്ഥലം മാറ്റത്തിനു പരിഗണിക്കുമ്പോൾ ടി ജില്ലകളിലെ ഒരു വർഷത്തെ സർവീസ് മറ്റു ജില്ലകളിലെ രണ്ടു വർഷത്തെ സർവീസിന് തുല്യമായി കണക്കാക്കാവുന്നതാണ്.

a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായി തുടരണം.

b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്.

(II) നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേത്തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

(III) ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത ജില്ലാതല നിയമനത്തിനായി പി.എസ്.സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് പത്ത് വർഷത്തേക്ക് വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ, ട്രാൻസ്ഫർ, മ്യൂച്ചൽ ട്രാൻസ്ഫർ എന്നിവ അനുവദിക്കേണ്ടതില്ല. പി.എസ്.സി വിജ്ഞാപനത്തിൽ തന്നെ ഇത് ഉൾപ്പെടുത്താവുന്നതും ജോയിനിംഗ് ടൈമിൽ സമ്മതപത്രം എഴുതി വാങ്ങാവുന്നതുമാണ്. (അപ്രകാരം ചെയ്താൽ ഈ ജില്ലകളിലെ തദ്ദേശവാസികളായ ഉദ്യോഗാർത്ഥികൾക്ക് കൂടുതലായി ജോലിക്ക് അവസരം ലഭിക്കുന്നതാണ്).

(IV) ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത ജില്ലാതല നിയമനത്തിനായി പി.എസ്.സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളുടെ പ്രമോഷനും ഈ ജില്ലകളിൽ തന്നെ പരിമിതപ്പെടുത്താവുന്നതാണ്. (സമ്മതപത്രത്തോടൊപ്പം ജില്ലയിൽ തസ്തിക/ഒഴിവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയോടെ )

(V) ഈ ജില്ലകൾ ഓപ്റ്റ് ചെയ്ത തദ്ദേശവാസികളായ ഉദ്യോഗാർത്ഥികളിൽ ഹെഡ് ക്വോർട്ടേഴ്സ് വേക്കൻസിയിലെ നിയമനം, താല്പര്യമുള്ളവർക്കു മാത്രം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുക.

(VI) പ്രമോഷൻ അല്ലെങ്കിൽ ട്രാൻസ്ഫർ വഴി ഈ ജില്ലകളിൽ നിയമനം ലഭിക്കുന്നവർ അവധിയെടുത്ത് പോകുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി ഒഴിവാക്കാൻ കഴിയാത്ത മെഡിക്കൽ സാഹചര്യങ്ങളിൽ ഒഴികെ അവധി അനുവദിക്കാതിരിക്കുക.

(VII) പ്രസ്തുത ജില്ലകളിൽ ജോലിചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നു സമ്മതപത്രം വാങ്ങി ആ ജില്ലയിൽതന്നെ തുടരാൻ അനുവദിക്കാവുന്നതും 3 വർഷം കഴിയുമ്പോൾ ഈ ജില്ലയിലെ തൊട്ടടുത്ത സ്റ്റേഷനിൽ നിയമിക്കാവുന്നതും ജില്ലാ ഓഫീസർ പോസ്റ്റുകളിൽ 3 വർഷത്തിനു ശേഷം സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യമുള്ളവരെ ഈ ജില്ലകളിലേക്ക് തിരികെ കൊണ്ടുവരാവുന്നതാണ്. (ജില്ലയിൽ തസ്തിക/ഒഴിവ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥയോടെ)

തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിലേയ്ക്ക് ആ ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി മേൽ ഖണ്ഡിക 8 - ൽ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാമോ ;

525

GOVERNMENT OF KERALA
(SRI. PINARAYI VIJAYAN MINISTRY)
NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | AR.14-1/6/2022-P&ARD |
| 2 | Department | : | Personnel & Administrative Reforms (AR 14) Department |
| 3 | Subject | : | Issuing strict instructions on ensuring that officers appointed in Kasaragod, Idukki and Wayanad districts work in those districts for a specified period-reg. |
| 4 | Date of Chief Minister's order for placing before the Council | : | 18.12.2025 |
| 5 | (i) Does the case involve financial commitments/implications and<br>(ii) If so, has the Finance department been consulted and their remarks incorporated in the Note for the council | : | No<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | Yes |
| 7 | Name of Joint Secretary who submitted the Draft Note | : | Shri.K. Rajendran Chettiyar |
| 8 | Name of Additional Chief Secretary who approved the Draft Note | : | Shri. Rajan Namdev Khobragade |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 29.12.2025 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.A.Jayathilak |
| 11 | Date of approval of the Draft note for the Council by the Chief Secretary | : | 13.01.2026 |
| 12 | Name of Minister who approved the Draft Note. | : | Shri. Pinarayi vijayan |
| 13 | Date of approval of the Draft Note for the Council by the Minister | : | 16.01.2026 |
| 14 | Date of submission of fair copies | : | 19.01.2026 |
| 15 | Date of decision by the Council of Minisers | : | |
| 16 | Number and date of the G.O/letter communicating the decision | : | |

# NOTE FOR THE COUNCIL OF MINISTERS

This note is submitted to issue stringent guidelines to ensure that government officials appointed to the districts of Kasaragod, Idukki and Wayanad remain in service within the respective districts for a prescribed mandatory period.

2. In a meeting chaired by the Additional Chief Secretary (Planning & Economic Affairs) on 22.11.2021, involving Departmental Secretaries and Heads of Departments (HoDs), the progress of the Kasaragod, Idukki and Wayanad development packages was reviewed. Following the recommendations of this meeting, Circular No. AR.14(1)/6/2022/P&ARD dated 14.03.2022 was issued. This circular strictly directed HoDs to identify suitable officers for project implementation and issue appointment orders stipulating that they must serve in these districts for a fixed tenure based on the specific requirements of each project.

3. During a meeting regarding the Kasaragod Development Package held on 08.03.2022, both the Chief Secretary and the Kasaragod District Panchayat President brought the issue of numerous vacant posts in the district to the Government's attention. Furthermore, the Kerala State Commission for Scheduled Castes and Scheduled Tribes recommended that Special recruitment procedures be initiated to hire candidates from within these districts and a special legal framework be established to reserve at least 50% of these posts for Scheduled Caste and Scheduled Tribe candidates belonging to the respective districts. The matter was brought to the attention of the Hon'ble Chief Minister. Following this, the Chief Secretary was directed to discuss the following proposals with Service Organizations and submit their views:

(i.) ഡെപ്യൂട്ടേഷൻ മുഖേന അല്ലാതെ സംസ്ഥാന തലത്തിൽ സ്ഥലം മാറ്റപ്പെടാവുന്ന ഫീൽഡ് വകുപ്പുകൾക്കും ജീവനക്കാർക്കും മാത്രം ഈ നിബന്ധനകൾ ബാധകമാക്കിയാൽ മതിയാകും. IAS, KAS, സെക്രട്ടേറിയറ്റ് സർവ്വീസ് എന്നിവയെ ഒഴിവാക്കാവുന്നതാണ്.

(ii) മേൽപ്പറഞ്ഞ ജില്ലകളിലേക്ക് ഉള്ള സ്ഥലംമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിർബന്ധിതസേവന കാലയളവിൽ ആർജ്ജിക്കാവുന്ന ആർജ്ജിത അവധികളുടെ എണ്ണം 1/11 എന്നതിന് പകരം 1/8 എന്നാക്കി മാറ്റാവുന്നതാണ്.

a) നിർബന്ധിത സേവന കാലയളവിൽ നിശ്ചിത ദിവസങ്ങളിൽ അധികം (ഉദാ: 30 ദിവസം) (മെഡിക്കൽ സാഹചര്യങ്ങൾ ഒഴികെ) അവധി എടുക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടാകണമെങ്കിൽ, ഇങ്ങനെ നീണ്ട അവധികൾ എടുത്ത കാലയളവ് കൂടി ആ ജില്ലകളിൽ അധികമായി തുടരണം.

b) ഇങ്ങനെ നിർബന്ധിത സേവന കാലയളവിൽ അധികം തുടരേണ്ടി വരുന്നവർക്ക് പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായല്ലാതെ സ്ഥലം മാറ്റം നൽകാവുന്നതുമാണ്.

iii). നിർബന്ധിത സേവനത്തിനായി നിയമിക്കപ്പെടുന്ന എല്ലാ ജീവനക്കാർക്കും അതേ തുടർന്ന് ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളിൽ അവർ ആവശ്യപ്പെടുന്ന ജില്ലകളിലേക്ക് പ്രഥമ മുൻഗണന നൽകാവുന്നതാണ്.

**4.** As directed by the Hon'ble Chief Minister, the Chief Secretary held discussions with representatives of various Service Organizations regarding the subject matter. Based on these discussions, the following proposals were submitted to the Cabinet:

I. G.O(P) No. 3/2017/P&ARD was issued on 25.02.2017 laying down general norms and guidelines for general transfer and appointment of State Government employees. Subject to the provisions of above order it

may be ensured that general transfer is done online in full compliance with the general norms and guidelines of the Order. In order to encourage online transfer to Kasaragod, Idukki and Wayanad districts, the number of earned leave accrued during the period of service in these districts may be changed from 1/11 to 1/8. Amendments may be made to the Kerala Service Rules (KSR) accordingly.

a) For those who take leave for more than specified days (eg. 30 days) during the period of compulsory service (except for medical reasons) to be eligible for this benefit, the period of such leave should be spent as in addition to the prescribed periods as service in those districts.

b) Those who have to stay longer for such period of compulsory service, may be transferred other than as part of general transfer.

II. All employees appointed for compulsory service may be given first preference in subsequent transfers to the districts of their choice.

III. Candidates appearing for PSC examination for district level recruitment opting these districts shall not be allowed working arrangement, deputation and transfer, mutual transfer etc. for a minimum period of ten years. This can be included in the PSC notification itself and consent form can be procured at the time of joining. (By doing so, the local candidates of these districts will get more job opportunities).

IV. Promotion of candidates appearing for PSC examination for district level recruitment, opting these districts may also be restricted to these districts (subject to availability of post/vacancy in the district along with letter of consent).

V. Appointment of candidates who are local residents of these districts to Head Quarters vacancies will be made on the basis of consent letter.

VI. Leave may be granted only under unavoidable medical circumstances to stop the tendency of availing leave of those appointed in these districts by way of promotion or transfer

VII. Consent letter may be obtained from those who are interested to work in the said districts. They can be allowed to remain in that districts and after 3 years may be appointed in the next station of this district. For district officer posts, those who are interested may be brought back to these districts after 3 years on the basis of consent letter. (with the condition that there is a post/vacancy in the district)

**5.** Upon reviewing the matter, the Cabinet held on 04.09.2024 (Item No. 2374 ) directed the Personnel and Administrative Reforms Department (P&ARD) to re-examine the proposals, provide clarity, and submit a revised note. Consequently, the opinion of the Finance Department was sought for .

**6.** The remarks of Finance Department is given below

"ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ജീവനക്കാരുടെ സേവനം തുടർച്ചയായി ലഭിക്കുന്നതിനുവേണ്ടി മറ്റ് ജില്ലകളിൽ നിന്നും നിർബന്ധിതമായി ടി ജില്ലകളിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെടുന്ന ജീവനക്കാർക്ക് ടി ജില്ലകളിലെ സേവനം ആകർഷകമാക്കുന്നതിനുള്ള പ്രൊപ്പോസലിനോട് ധനകാര്യ വകുപ്പ് പൊതുവിൽ യോജിക്കുന്നു എന്നും എന്നാൽ ആർജ്ജിതാവധി 1/11 എന്നതിൽ നിന്നും 1/8 ആക്കി മാറ്റണം എന്ന നിർദ്ദേശം താഴെ പറയുന്ന കാരണങ്ങളാൽ ധന വകുപ്പിന് അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

(i) ശരാശരി 30 വർഷം സർവീസുള്ള ജീവനക്കാരൻ ശരാശരി 990 (30*33) ആർജ്ജിതാവധിയാണ് earn ചെയ്യുന്നത്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ടി

ജീവനക്കാർക്ക് 1200 ആർജ്ജിതാവധി surrender ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. അതായത് പരമാവധി surrender ചെയ്യാൻ കഴിയുന്ന അവധികൾ നിലവിലെ ചട്ടങ്ങൾ പ്രകാരം ഒരു ജീവനക്കാരൻ ആർജ്ജജിക്കുന്നില്ല. എന്നാൽ ആർജ്ജിത അവധി ആർജ്ജിക്കുന്നതിനുള്ള കാലയളവ് 11 ൽ നിന്നും 8 ആയി കുറയ്ക്കുന്ന പക്ഷം ഓരോ ജീവനക്കാരനും ആർജിക്കാൻ കഴിയുന്ന അവധിയുടെ എണ്ണം വള രെയധികം വർദ്ധിക്കുകയും ടി അവധികൾ surrender ചെയ്യപ്പെടുമ്പോൾ സർക്കാ രിന് മുൻകൂട്ടി കണക്കാക്കാൻ കഴിയാത്ത വിധം വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകും.

(ii) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രദേശങ്ങളുടേയോ വിഭാഗങ്ങളുടെയോ പ്രത്യേകതകൾക്കനുസരിച്ച് വിഭിന്ന സ്വഭാവത്തിലുള്ളതല്ല. നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ എല്ലാ പ്രദേശത്തെ ജീവനക്കാർക്കും ഒരു പോലെ ബാധകമാണ്. ആർജ്ജിത അവധി ആർജ്ജജിക്കുന്നതിനുള്ള കാലയളവ് പ്രദേശ അടിസ്ഥാനത്തിൽ വ്യത്യാസപെടുത്തുന്നത് സർവ്വീസ് റൂളുകളുടെ നിലവിലുള്ള ഐക്യരൂപം ഇല്ലാതാക്കും.

(iii) ആർജ്ജിത അവധി കണക്കാക്കുന്നതിനു 1/11, 1/8 എന്നീ രണ്ടു മാനദണ്ഡങ്ങൾ കൊണ്ട് വരുന്നത് ആർജ്ജജിത അവധിയുടെ എണ്ണം കണക്കാക്കുന്ന പ്രകിയ സങ്കീർണ്ണമാക്കും. നിലവിൽ ഒരു ജീവനക്കാരന്റെ സർവ്വീസ് ദൈർഘ്യത്തിൽ നിന്നും ആർജ്ജിത അവധിക്ക് കണക്കാക്കാത്ത അവധി കാലയളവ് കിഴിച്ചതിനു ശേഷം ബാക്കി സർവ്വീസ് കാലയളവിനെ 11 കൊണ്ട് ഹരിച്ചാൽ ആർജ്ജിത അവധി കണക്കാക്കാൻ സാധിക്കും. എന്നാൽ നിയമിക്കപ്പെടുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ആർജ്ജിത അവധി കണക്കാക്കേണ്ടി വരുന്ന പക്ഷം ആർജ്ജിത അവധി കണക്കാക്കുന്നതിന് ഓരോ ട്രാൻസ്ഫർ ഓർഡറും പരിശോധിക്കേണ്ടി വരും. ആയതു അവധി കണക്കാക്കുന്നതിൽ സങ്കീർണ്ണത സൃഷ്ടിക്കും.

(iv) കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലെ സർവ്വീസിന് കൂടുതൽ പരിഗണന നൽകുന്നതിന് ഭരണ വകുപ്പ് ഉദ്ദേശിക്കുന്ന പക്ഷം ആയതു

സാമ്പത്തിക ബാധ്യത ഇല്ലാതെ ചെയ്യുന്നതിന് വേണ്ടി മേൽ ജില്ലകളിലെ സേവനം സ്ഥലം മാറ്റത്തിന് പരിഗണിക്കപ്പെടുമ്പോൾ ടി ജില്ലകളിലെ ഒരു വർഷത്തെ സർവ്വീസ് മറ്റ് ജില്ലകളിലെ രണ്ട് വർഷത്തെ സർവ്വീസിന് തുല്യമായി കണക്കാക്കി ആകർഷണിയമാക്കുന്ന കാര്യം ഭരണ വകുപ്പിന് പരിഗണിക്കാവുന്നതാണ് എന്നും അറിയിക്കുന്നു."

**7.** Based on the Finance Department's views, the P&ARD (Rules) Department stated *as below*

" സർക്കാർ ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കേരള സർവീസ് റൂൾസിന്റെ പരിധിയിൽ വരുന്നതിനാൽ ഫയൽ വിഷയത്തിൽ ഈ വകുപ്പിൽ നിന്നും അഭിപ്രായങ്ങൾ ഒന്നും തന്നെ നൽകാനില്ല എന്ന വിവരം ഉ.ഭ.പ *(എ.ആർ-14)* വകുപ്പിനെ അറിയിക്കുന്നു".

**8.** Following the orders of the Hon'ble Chief Minister, when the following proposals—drafted based on discussions with Service Organizations, their written submissions, and the Finance Department's views were submitted for approval, the Hon'ble Chief Minister has ordered to place the matter before the Cabinet .

(I) General transfers must be conducted strictly online, ensuring full compliance with the standards and guidelines issued vide G.O. (P) No. 3/2017/P&ARD dated 25.02.2017. To encourage transfers to Kasaragod, Idukki, and Wayanad, one year of service in these districts shall be treated as equivalent to two years of service in other districts for the purpose of considering future transfer requests.

**a)** To qualify for this benefit, employees who avail of leave exceeding a specified limit (e.g., 30 days, except on medical

grounds) during their mandatory service period must extend their tenure in that district by the duration of the leave taken.

**b)** Employees required to serve such extended periods may be granted transfers outside the scope of the general transfer process.

(II) Employees who complete their mandatory service in these districts shall be granted first priority for transfers to the districts of their choice.

(III) For candidates who opt for these districts through district-level KPSC recruitment, working arrangements, deputation, transfers, or mutual transfers shall not be permitted for a minimum period of ten years. This condition shall be incorporated into the KPSC notification, and a formal consent letter shall be obtained from the candidate at the time of joining. (This measure is intended to provide more employment opportunities to the local residents of these districts).

(IV) The promotion of candidates recruited via district-level appointments for these districts shall be limited to the same district, (Subject to the availability of posts/vacancies and the submission of a consent letter)

(V) For local candidates from these districts, appointments to Headquarters vacancies shall be granted only to those who express interest by providing a consent letter.

(VI) To curb the tendency of employees taking long leave immediately upon being posted to these districts via promotion or transfer, no leave shall be granted except in unavoidable medical circumstances.

(VII)Employees willing to continue in these districts may be allowed to do so upon submission of a consent letter. After 3 years of service, they may be posted to a nearby station within the same district. For District Officer posts, those interested may be posted back to these districts after 3 years based on a consent letter; (Subject to the availability of posts/vacancies.)

## POINTS FOR DECISION

Whether the suggestions in para 8 above may be approved for ensuring prescribed period of service for employees posted in Kasargod, Idukki and Wayanad districts ;